(സി) കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനായി സാമൂഹിക തലത്തിൽ പ്രചാരണ-ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ലൈംഗികാതിക്രമങ്ങൾ പ്രതിരോധിക്കുവാനുള്ള ആന്തരിക ശേഷി കുട്ടികളിൽ വളർത്തുവാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/പഞ്ചായത്ത്/ജില്ലാതല ബോധവൽക്കരണ പരിപാടികൾ സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012-നെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.

(ഡി) പ്രചാരണ പ്രവർത്തനങ്ങൾ, അദ്ധ്യാപകരുടെ മാസ്റ്റർ ട്രെയിനേഴ്സ് ട്രെയിനിംഗ്, പരിശീലകരുടെ കൈപുസ്തകം, ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനുള്ള പരിപാടികൾ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ കമളിയിൽ മാതാപിതാക്കളുടെ ക്രൂരപീഡനത്തിനിരയായ കുട്ടിയുടെ എല്ലാ ചികിത്സാ ചെലവുകളും ഈ പദ്ധതി പ്രകാരം സർക്കാർ വഹിച്ചുവരുന്നു. Committee on Child Rights Violations of Vulnerable Children റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം പീഡനത്തിരയാകുന്ന കുട്ടികൾക്ക് അടിയന്തര സഹായം നൽകുന്നതിനായി എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും 20,000 രൂപ വീതം തുക അനുവദിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പെരുന്തൽമണ്ണയ്ക്കടുത്ത് രണ്ടാനച്ഛന്റെ ക്രൂരമർദ്ദനത്തെ തുടർന്ന് തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ കുട്ടിക്ക് അടിയന്തര ചികിത്സാ ചെലവുകൾ ഈ പദ്ധതി പ്രകാരം നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ തന്നെ പിതാവ് തിളച്ച എണ്ണ ഒഴിച്ച് പരിക്കേൽപ്പിച്ചതിനെ തുടർന്ന് കോഴിക്കോട് കോ-ഓപ്പറേറ്റീവ് ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ പ്രവേശിപ്പിച്ച കുട്ടിക്ക് അടിയന്തര ചികിത്സാ സഹായമായി 99,703 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശിശുക്ഷേമ സമിതി ക്രഷുകളുടെ പ്രവർത്തനം

277 (1702) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ക്രഷുകളിൽ ബാലസേവികയ്ക്കും ആയയ്ക്കും നൽകുന്ന മാസവേതനം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഒരു കുട്ടിക്ക് ഒരു ദിവസം പോഷകാഹാരത്തിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്രഷുകളിലെ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും കുട്ടികൾക്ക് മെച്ചപ്പെട്ട പോഷകാഹാരം ലഭ്യമാക്കാനും എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ബാലസേവികയ്ക്ക് 1,200 രൂപയും ആയയ്ക്ക് 800 രൂപയുമാണ് മാസവേതനമായി നൽകുന്നത്.

(ബി) ഒരു കുട്ടിക്ക് 2 രൂപ 8 പൈസയാണ് പോഷകാഹാരത്തിനായി നീക്കി വച്ചിട്ടുള്ളത്.

(സി) ഈ പദ്ധതിയിലെ ധനസഹായം സംബന്ധിച്ച് മാറ്റങ്ങൾ വരുത്തുവാൻ കേന്ദ്ര സർക്കാരിന്റെ വനിതാ ശിശുക്ഷേമ വകുപ്പിനാണ് അധികാരമുള്ളത്. വേതന വർദ്ധനവ് ഉൾപ്പടെയുള്ള കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശം കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന്റെ ശുപാർശയിൽപ്പെടുത്തിയിട്ടുണ്ട്.

ശിശുക്ഷേമ സമിതിയുടെ ക്രഷുകൾ

278 (1703) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ക്രഷുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി എന്നാണ് നിലവിൽ വന്നതെന്നും ക്രഷുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് എപ്രകാരമാണ് ലഭിക്കുന്നതെന്നും വിശദമാക്കാമോ ;

(സി) ഫണ്ടിന്റെ അപര്യാപ്തത പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ക്രഷുകളുടെ നടത്തിപ്പ് ചുമതലയുള്ള ശിശുക്ഷേമ സമിതികളുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly